(ബി) വേലായുധൻ, മേരി, റൂബി.

(സി) വേലായുധൻ തൃശ്ശൂർ ഡിസ്ട്രിക്ട് ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കുന്നു. അയാളുടെ സ്ഥിതി പുരോഗമിച്ചു വരുന്നുണ്ട്. മേരിയേയും റൂബിയേയും ചികിത്സാനന്തരം ആശുപത്രിയിൽനിന്നും വിട്ടയച്ചു.

(ഡി) ശ്രീ. പി. ടി. ചാക്കോ.

സ്റ്റേറ്റ് കാർ അപകടം

* 2. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-12-1963-ന് തൃശ്ശൂർവച്ച് ആഭ്യന്തരമന്ത്രിയുടെ കാർ മുട്ടി അപകടം സംഭവിച്ചതിനെ സംബന്ധിച്ച കേസ് എന്നു് രജിസ്റ്റർ ചെയ്തു ; അതിന്റെ ഇപ്പോഴത്തെ നില എന്തു് ;

(ബി) ഈ സംഭവത്തോടനുബന്ധിച്ച് കേരളത്തിലെ പത്രങ്ങളും പ്രതിപക്ഷ പാർട്ടികളും എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേ സംബന്ധിച്ച് ഗവണ്മെന്റ് എടുത്ത നടപടികൾ എന്തു് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ)

(എ) 8-12-1963-ൽ ക്രൈം നമ്പർ 225/63, എം. എസ്. 337 ഐ. പി. സി. എന്ന കേസ് തൃശ്ശൂർ ടൗൺപോലീസ് രജിസ്റ്റർ ചെയ്തു. അതു് അന്വേഷണത്തിൽ ഇരിക്കുന്നു.

(ബി, സി) ഭാവനക്കനുസരണമായി ഓരോന്നു എഴുതുകയും പറയുകയും ചെയ്തിട്ടുണ്ട്. ഗവണ്മെന്റു ഒരു നടപടിയും സ്വീകരിച്ചില്ല.

സ്റ്റേറ്റുകാർ മുട്ടി പരുക്കു പറ്റിയവർ.

* 3. [10] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ മാസത്തിൽ തൃശ്ശൂർ ലൂർദ്പള്ളിക്കു സമീപം വച്ച് സ്റ്റേറ്റുകാർ ഇടിച്ചു പരുക്കുപറ്റിയ 3 ആളുകളെ ആശുപത്രിയിലാക്കുകയുണ്ടായോ ;

(ബി) അവർ എത്ര ദിവസംവീതം ആശുപത്രിയിൽ കിടന്നു ;

(സി) ഇപ്പോഴും അവരുടെ ആരോഗ്യസ്ഥിതിയെന്താണു് ;

(ഡി) അപകടം സംഭവിച്ചവർക്ക് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സാമ്പത്തികസഹായം നൽകുകയുണ്ടായോ ;

(ഈ) പ്രസ്തുത കാറപകടസമയത്തു് ആ കാർ ഡ്രൈവു ചെയ്തിരുന്നതാരായിരുന്നു ;

(എഫ്) ഇതു സംബന്ധിച്ച് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ ;

(ജി) കോടതിയിൽ എഫ്. ഐ. ആർ. കൊടുത്തതും ചാർജ്ജുഷീറ്റു കൊടുത്തതും എന്നാണു് ;

(എച്ച്) സ്റ്റേറ്റുകാർ എന്താവശ്യത്തിനു് എവിടേയ്ക്കു പോവുകയായിരുന്നു ;

(ഐ) പ്രസ്തുത അപകടം നിമിത്തം കാറിനു് എന്തു കേടു സംഭവിച്ചു ; തൻമൂലമുള്ള നഷ്ടമെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) പരുക്കേറ്റ മൂന്നുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(ബി) രണ്ടുദിവസം കഴിഞ്ഞു രണ്ടുപേരെ ആശുപത്രിയിൽനിന്നും വിട്ടയച്ചു. ഒരാൾ ഇപ്പോഴും ആശുപത്രിയിലുണ്ട്.

(സി) ആശുപത്രിയിൽ ചികിത്സാർത്ഥം കഴിഞ്ഞുകൂടുന്ന വേലായുധന്റെ സ്ഥിതി തൃപ്തികരമാംവിധം പുരോഗമിച്ചു വരുന്നു. മറ്റു രണ്ടുപേരുടെയും (മേരി, റൂബി) മുറിവുകൾ സാരമുള്ളവയായിരുന്നില്ല. അതിനാൽ അവരെ ചികിത്സാനന്തരം 10–12–1963-ൽ ആശുപത്രിയിൽ നിന്നും വിട്ടയച്ചു.

(ഡി) ഇല്ല.

(ഈ) ശ്രീ. പി. ടി. ചാക്കോ.

(എഫ്) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ജി) 9–12–1963-ൽ എഫ്. ഐ. ആർ. കോടതിയിൽ കോടുത്തു. കേസ് അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ചാർജ്ജ് ഷീറ്റ് കൊടുത്തിട്ടില്ല.

(എച്ച്) ആഭ്യന്തരമന്ത്രി പീച്ചിയിലേക്ക് പോകുകയായിരുന്നു.

(ഐ) കാറിന്റെ ഇടത്തെ മഡ്ഗാർഡ്, ഫാൻറേഡിയേറ്റർ എന്നിവയ്ക്കു നിസ്സാരമായ കേടു സംഭവിച്ചു. തന്മൂലം ഗവണ്മെൻറിനു നഷ്ടം യാതൊന്നും ഉണ്ടായിട്ടില്ല.

സ്റ്റേറ്റ് കാർ അപകടം

* 4. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസംബർ 8–ാം തീയതി പീച്ചിയിലേക്ക് പോകുന്നവഴി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ കാർ മുട്ടി എത്രപേർക്ക് പരുക്കു പറ്റിയിരുന്നു ; അവരുടെ ആരോഗ്യസ്ഥിതി എങ്ങനെയിരിക്കുന്നു ;

(ബി) പരുക്കു പറ്റിയവരെ പ്രഥമശുശ്രൂഷയ്ക്കായി ആശുപത്രിയിലെത്തിച്ചതു് എപ്പോഴായിരുന്നു ; ആരായിരുന്നു അവരെ ആശുപത്രിയിലെത്തിച്ചതു് ;

(സി) പരുക്കേറ്റവരെ മന്ത്രി സന്ദർശിച്ചിരുന്നുവോ ; എങ്കിൽ എപ്പോൾ ;

(ഡി) ഇതു സംബന്ധിച്ച് വല്ല കേസും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) മൂന്നുപേർക്ക് പരുക്കുപറ്റി. അതിൽ രണ്ടുപേരെ 10-12-1963-ൽ ചികിത്സാനന്തരം ആശുപത്രിയിൽനിന്നും വിട്ടയച്ചു. ഇന്നും ചികിത്സാർത്ഥം തൃശ്ശൂർ ഡിസ്പെൻസറി ആശുപത്രിയിൽ കഴിയുന്ന ആളിന്റെ സ്ഥിതി തൃപ്തികരമാംവിധം പുരോഗമിച്ചുവരുന്നു.

(ബി) പരുക്കുപറ്റിയവരെ 8-12-1963-ൽ രാവിലെ 9-30 നു് മുൻപു് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊതുജനങ്ങളും ബന്ധുക്കളും ചേർന്നാണു് അവരെ കൊണ്ടുപോയതു്.

(സി) 10-12-1963–ൽ സന്ദർശിച്ചു.

(ഡി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly